(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രതികളെ പിടികൂടുന്നതിൽ സ്ഥലം എസ്ഐ. വീഴ്ച വരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ ;

(ഇ) ഈ കേസ്സിലെ പ്രതികളെ എന്നത്തേയ്ക്ക് അറസ്റ്റ് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രസ്തുത കേസ്സിലെ പ്രതികൾ 18-2-2000-ൽ കോടതി മുമ്പാകെ ഹാജരായി ജാമ്യത്തിൽ പോയിട്ടുള്ളതാണ്.

1. എ.പി. ഒറുംഗസീബ്
2. ഹസ്സൻകുട്ടി
3. കുഞ്ഞായി
4. ശിവശങ്കരൻ
5. അഹമ്മദ്കുട്ടി എന്നിവരാണ് പ്രതികൾ

(സി) ഇല്ല.

(ഡി & ഇ) ഉദിക്കുന്നില്ല.

ഗൾഫ് മലയാളികളുടെ പുനരധിവാസം

118 (3308) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

ഗൾഫ് നാടുകളിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ഗൾഫ് നാടുകളിൽ നിന്നും മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുക എന്നത് പ്രധാന ലക്ഷ്യങ്ങളിലൊന്നായി നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസി എന്ന ഒരു സ്വയം ഭരണ സ്ഥാപനം സർക്കാരിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുണ്ട്. പ്രവാസി കേരളീയരുടെ വിഭവശേഷി, പരിചയ സമ്പത്ത് എന്നിവ സൃഷ്ടിപരമായ മേഖലകളിൽ ഉപയോഗിക്കുന്നതിനായി ഉദ്ദേശിച്ച് പ്രവാസി കേരളീയ ക്ഷേമ ഏജൻസിയുടെ മാർഗ്ഗ നിർദ്ദേശത്തിൽ പ്രവാസി സംഘങ്ങൾ രൂപീകരിച്ചു വരുന്നു. സ്വയം സഹായക ഗ്രൂപ്പുകളെന്ന നിലയിൽ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾ മുഖാന്തിരം വിദേശത്ത് നിന്ന് ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവർക്ക് ഒരു പരിധിവരെ തൊഴിലും സുരക്ഷിത വരുമാനവും ഉറപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവാസി സംഘങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly